കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കൊല്ലം

മലയാളഭാഷ ശ്രേഷ്ഠഭാഷ

പത്രക്കുറിപ്പ് 2 30 ഒക്ടോബർ 2014

= = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**നാടിന് ആവേശം പകർന്ന് ജലോത്സവ ദീപശിഖാപ്രയാണം.**

പ്രസിഡന്റ്സ് ട്രോഫി ജലോത്സവത്തോടനുബന്ധിച്ച് നടത്തിയ ദീപശിഖാ പ്രയാണം ജനപങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായി. പാരിപ്പള്ളിയിൽ ജി എസ് ജയലാൽ എം എൽ എയും പുനലൂരിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എസ്.ജയമോഹനും കരുനാഗപ്പള്ളിയിൽ മുനിസിപ്പൽ ചെയർപേഴ്സൺ എസ് സലീമും ദീപശിഖാപ്രയാണം ഉദ്ഘാടനംചെയ്തു.

പാരിപ്പള്ളിയിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ കായികതാരങ്ങൾ ജി എസ് ജയലാൽ എം എൽ എ യിൽ നിന്നും ദീപശിഖ ഏറ്റുവാങ്ങി. ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി വി സത്യൻ അധ്യക്ഷത വഹിച്ചു. കല്ലുവാതുക്കൽ പഞ്ചായത്ത് പ്രസിഡന്റ് എൻ രാജേന്ദ്രൻപിള്ള , ജലോത്സവ സ്റ്റിയറിംഗ് കമ്മിറ്റി അംഗം അഡ്വ എ ഷാനവാസ്ഖാൻ ഡി ടി പി സി എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം എൻ ജയചന്ദ്രൻ, അഡ്വ നടയ്ക്കൽ ശശി, പ്രേമാനന്ദ്, സുന്ദരേശൻ, എം എസത്താർ, രാജൻ കുറുപ്പ്, കെ ജെ രാജ്മോഹൻ, അനിൽ മണലുവിള, കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അനിത കുമാരി, ഗ്രാമപഞ്ചായത്ത് അംഗം സുഭദ്രാമ്മ, രാമചന്ദ്രൻ പിള്ള എന്നിവർ പ്രസംഗിച്ചു.

പുനലൂരിൽ നഗരസഭാ ചെയർപേഴ്സൺ രാധാമണി വിജയാനന്ദും കരുനാഗപ്പള്ളിയിൽ പി രാമഭദ്രനും എ കെ ജോസഫും ദീപശിഖാറാലി നയിച്ചു. വൈകുന്നേരം മൂന്ന് റാലികളും ചിന്നക്കടയിലെ ജലോത്സവ നഗരിയിൽ സംഗമിച്ചു.

(പി.ആർ.കെ.നമ്പർ–1900/2014)

**പ്രസിഡന്റ്സ് ട്രോഫി ജലോത്സവം: ചിത്രരചനാ മത്സര വിജയികൾ**

പ്രസിഡന്റ്സ് ട്രോഫി ജലോത്സവത്തോടനുബന്ധിച്ച് സ്കൂൾ വിദ്യാർഥികൾക്കായി നടത്തിയ ചിത്രരചനാ മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ അഞ്ചാലുംമൂട് ജി എച്ച് എസ് എസിലെ അഭിഷേക് ഒന്നാം സ്ഥാനം നേടി. പൂയപ്പള്ളി ജി എച്ച് എസ് എസിലെ ജെറോം കെ ജോണിനും മഠത്തിൽ എച്ച്.എസ്.എസിലെ ജി എസ് സൂര്യനാരായണനുമാണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ.

മറ്റ് വിഭാഗങ്ങളിലെ മത്സര വിജയികൾ: യു പി വിഭാഗം: 1. അൻസിയ റഹ്മാൻ (ക്രിസ്റ്റോ മാർതോമാ സ്കൂൾ ചാത്തന്നൂർ) 2. വിഘ്നേഷ് കിഷോർ (ക്രൈസ്റ്റ് രാജ് സ്കൂൾ കൊല്ലം) 3. ആദിത്യ എസ് അജയ് (എസ് എൻ പബ്ലിക് സ്കൂൾ)

എൽ പി വിഭാഗം

1. കെ എസ് ശ്രേയ (എം ജി എൽ പി സ്കൂൾ പേരൂർ) 2. സൗരാജ്(ഇന്ത്യൻ പബ്ലിക് സ്കൂൾ) 3. കൃഷ്ണ എൽ പ്രകാശ് (മീനാക്ഷി വിലാസം സ്കൂൾ പേരൂർ)

(പി.ആർ.കെ.നമ്പർ–1901/2014)

(അവസാനിച്ചു)